©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 2<br>2nd March 2021<br>1196 കുംഭം 18<br>18th Kumbham 1196<br>1942 ഫാൽഗുനം 11<br>11th Phalguna 1942 | നമ്പർ<br>No. | 9 |

## PART III

# Commissionerate of Land Revenue

## ERNAKULAM DISTRICT

ലേല പരസ്യം

നമ്പർ എ12-1569/2018. 2021 ജനുവരി 23.

കുന്നത്തുനാട് താലൂക്കിൽ കൊമ്പനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 11, റീസർവ്വെ 103/6-2 നമ്പരിൽപെട്ടതും ശിവരാജൻ എന്നയാൾ കൈവശത്തിലുള്ളതുമായ പി. എഫ്. നമ്പർ 158/2017-ാം നമ്പർ പട്ടയ ഭൂമിയിൽ റീസർവ്വെ ചെയ്തിട്ടുള്ള ഈട്ടിമരം 17-3-2021-ാം തീയതി പകൽ 11 മണിയ്ക്ക് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറോ ആദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ കൊമ്പനാട് വില്ലേജാഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കടുക്കുവാൻ ആഗ്രഹിക്കുന്നവർ ₹ 1,500 നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച്, ലേലം സ്ഥിരപ്പെടുത്തി ഉത്തരാവാകുന്ന മുറയ്ക്ക് ലേല വസ്തു വിട്ടു തരുന്നതുമാണ്. ലേല തുക മുഴുവനായും അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. എന്തെങ്കിലും കാരണവശാൽ ലേലം നടക്കാതിരുന്നാൽ 7-4-2021-ാം തീയതിയിലും പ്രസ്തുത തീയതിയിൽ ലേലം നടക്കാതിരുന്നാൽ 28-4-2021-ാം തീയതിയിലും നടപടിക്രമങ്ങൾ പാലിച്ച് ലേലം നടത്തുന്നതായിരിക്കും.

തടികളുടെ അളവുകൾ

| ഇനം/ക്ലാസ്സ് | ജി.ബി.എച്ച്. (സെ. മീറ്റർ) | തടി അളവ് (ക്യൂ.മീറ്റർ) |
|---|---|---|
| ഈട്ടി II D | 195 | 1.634 |

റവന്യൂ ഡിവിഷണൽ ഓഫീസ്,
മിനി സിവിൽ സ്റ്റേഷൻ,
മുടവൂർ പി. ഒ., മൂവാറ്റുപുഴ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

## Kochi Taluk

പരസ്യം

(1)

നമ്പർ എച്ച്2-9259/2020. 2020 നവംബർ 3.

കൊച്ചി താലൂക്കിൽ രാമേശ്വരം വില്ലേജിൽ പുത്തൻപുരയ്ക്കൽ വീട്ടിൽ പീറ്റർ ജെറോം എന്നയാൾ മരിച്ചു പോയെന്നും ബാങ്കിൽ ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ പൊന്നമ്മ ജെറോം സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ പീറ്റർ ജെറോം എന്നയാൾ 28-3-2020-ാം തീയതി മരിച്ചു പോയിട്ടുള്ളതായും പരേതന്റെ അവകാശികൾ താഴെ പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | പൊന്നമ്മ ജെറോം | ഭാര്യ | 82 |
| 2 | നിത സെബാപതി | മകൾ | 54 |
| 3 | നിഷ ജെറോം | ,, | 52 |
| 4 | നിക്സൺ ജെറോം | മകൻ | 52 |

മേൽ വിവരിച്ചിട്ടുള്ളവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എച്ച്2-8546/2020. 2020 നവംബർ 3.

കൊച്ചി താലൂക്കിൽ രാമേശ്വരം വില്ലേജിൽ കോന്നോത്ത് വീട്ടിൽ കെ. വി. ജോർജ്ജ് എന്നയാൾ മരിച്ചുപോയെന്നും സർവ്വീസ് പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിന് ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മകൻ ഹിലാരി ഫെലിക്സ് സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ കെ. വി. ജോർജ്ജ് എന്നയാൾ 25-9-2019-ാം തീയതി മരിച്ചുപോയിട്ടുള്ളതായും പരേതന്റെ അവകാശികൾ താഴെ പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | മരിയ ഗ്രെയ്സി | ചെറുമകൾ | 36 |
| 2 | മേരി ജോർജ്ജ് | മകൾ | 62 |
| 3 | ജോസഫ്, കെ. ജി. | മകൻ | 59 |
| 4 | ആൻസൻ തോമസ്, കെ. ജി. | ,, | 57 |
| 5 | ഹിലാരി ഫെലിക്സ് | ,, | 53 |

മേൽ വിവരിച്ചവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(3)

നമ്പർ എച്ച്2-6860/2020. 2020 നവംബർ 3.

കൊച്ചി താലൂക്കിൽ പള്ളുരുത്തി വില്ലേജിൽ തലാപ്പിപ്പറമ്പിൽ വീട്ടിൽ വി. ബി. നൗഷാദ് എന്നയാൾ മരിച്ചു പോയെന്നും ബാങ്കിൽ ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ നിസ്സാമ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജ് ആഫീസർവഴി അന്വേഷണം നടത്തിയതിൽ വി. ബി. നൗഷാദ് എന്നയാൾ 7-4-2014-ാം തീയതി മരിച്ചുപോയിട്ടുള്ളതായും പരേതന്റെ അവകാശികൾ താഴെ പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | നിസ്സാമ | ഭാര്യ | 37 |
| 2 | മുഹമ്മദ് അർഷാദ്, വി. എൻ. | മകൻ | 18 |
| 3 | മുഹമ്മദ് ഇർഷാദ്, വി. എൻ. | ,, | 6 |
| 4 | സുഹറ | മാതാവ് | 63 |